AMLPS VALLUVANGAD

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026



AMLP SCHOOL VALLUVANGAD

@amlpschool_valluvangad

# ആമുഖം

ചരിത്രം കൊണ്ടും പഠന പഠനേതര പ്രവർത്തനങ്ങൾ കൊണ്ടും വള്ളുവങ്ങാട് പ്രദേശത്ത് ശിരസ്സുയർത്തി നിൽക്കുന്ന എ.എം.എൽ.പി വള്ളുവങ്ങാട് സ്കൂളിൻറെ 2025-26 അധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ചുവടുകൾ ഏറെ മികവുറ്റതാണ്. ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ സ്കൂളിൻറെ ഓരോ പ്രവർത്തനങ്ങളും വ്യത്യസ്തവും അതുല്യവുമാണ്.

വിദ്യാലയത്തിന്റെ ഒരു വർഷത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു രേഖപ്പെടുത്തുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. നമ്മുടെ വിദ്യാലയത്തിന്റെ ഗുണമേന്മ വികസിപ്പിക്കുന്ന തരത്തിലുള്ള അക്കാദമിക ഇടപെടലുകൾ ചിട്ടപ്പെടുത്തിയ ഈ മാസ്റ്റർ പ്ലാൻ നിങ്ങൾക്കു മുന്നിൽ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.

- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികൾക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

- ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുകയും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യും.

- ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ വിപുലീകരിക്കും.

- ഓരോ ടേമിലും കുട്ടികൾ നേടേണ്ട കഴിവും അറിവും മുൻകൂട്ടി തയ്യാറാക്കും.

- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ മാർഗങ്ങളായി വിദ്യാലയ പരിസരം മാറ്റും.

- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

- അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

- മികച്ച ഉദ്യാനം.

- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.

- കല,പ്രവർത്തിപരിചയം കായികമേഖലകളിൽ പ്രത്യേക പരിശീലനം നൽകൽ.

# മുന്നൊരുക്കം

2025 -26 അധ്യയന വർഷത്തെ പ്രവർത്തനങ്ങളും പദ്ധതികളും ഏറെ മികവാർന്ന രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. അതിൽ ആദ്യപടി എന്നോണം പ്രവേശനോത്സവം വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചു

# പ്രവേശനോത്സവം

പ്രവേശനോത്സവം അതിഗംഭീരമായി ആഘോഷിക്കാൻ തീരുമാനിച്ചു. കുട്ടികൾക്ക് ആദ്യ കാഴ്ചയായി എ.എം.എൽ.പി സ്കൂൾ അണിയിച്ചൊരുക്കാൻ തീരുമാനിച്ചു. കുട്ടികൾക്ക് തൊപ്പി, വിവിധ വേഷവിധാനം, നാസിക് ഡോൾ, പായസ വിതരണം തുടങ്ങിയവയാൽ പ്രവേശനോത്സവം ആസൂത്രണം ചെയ്തു

# ജൂൺ

## പരിസ്ഥിതി ദിനം

**ജൂൺ 5 പരിസ്ഥിതി ദിനം വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചു.**

- **ചെടികൾ നടാം പരിസ്ഥിതി സംരക്ഷിക്കാം.**
- **ക്ലീൻ ക്യാമ്പസ്**
- **ഭക്ഷണ പദാർത്ഥങ്ങൾക്ക് പരമാവധി സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കുക.**

## ബലിപെരുന്നാൾ

- സ്പെഷ്യൽ ഫുഡ്

## പി.ടി.എ ജനറൽബോഡി യോഗം

2025-26 അധ്യയന വർഷത്തെ PTA ജനറൽ ബോഡിയോഗം ജൂൺ 20 വെള്ളിയാഴ്ച നടത്താൻ തീരുമാനിച്ചു.

# ജില്ലാ രൂപീകരണം

## ഡോക്യുമെൻററി പ്രദർശനം.

# വായനാദിനം

- വായനാ മാസാചാരണം

1. വായനാ കൂടാരം.(പത്രം, ലൈബ്രറി ബുക്ക്സ്).
2. ഓഡിയോ ലൈബ്രറി
3. ആനുകാലിക ചോദ്യങ്ങൾ:-
   - അതാത് ദിവസത്തെ പത്രത്തിൽ നിന്നും ചോദ്യങ്ങൾ കണ്ടെത്തി കുട്ടികൾക്ക് കൊടുക്കുക.
   - ഉദ്ഘാടനം വായനാ വാരത്തിൽ.

# Let's talk

സ്പോക്കൺ ഇംഗ്ലീഷിനെ പ്രോത്സാഹിപ്പിക്കുവാൻ ഇംഗ്ലീഷ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ മൊഡ്യൂൾ തയ്യാറാക്കി എല്ലാ ക്ലാസുകളിലും പ്രയോഗിക്കുവാൻ തീരുമാനിച്ചു.

# ജൂലൈ

## ബഷീർ ദിനം

വായനാ കൂടാരത്തിൽ ബഷീർ കൃതികൾ.

## ചാന്ദ്രദിനം

- ബഹിരാകാശ സഞ്ചാരികളുടെ രൂപം.
- മിനി പ്ലാനിറ്റേറിയം

## ക്ലബ്ബുകളുടെ ഉദ്ഘാടനം :-

വേറിട്ട രീതിയിൽ ഓരോ ക്ലബ്ബും അസംബ്ലികൾ സംഘടിപ്പിച്ച് കുട്ടികൾ ഏത് ക്ലബ്ബിലെ അംഗങ്ങളാണെന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

# സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്

ഒരു യഥാർത്ഥ തെരഞ്ഞെടുപ്പിന്റെ  മുഖങ്ങൾ കുട്ടികൾക്ക് വ്യക്തമായി മനസ്സിലാക്കാവുന്ന തരത്തിലുള്ള ഇലക്ഷൻ നടത്തി സ്കൂൾ ലീഡറെ തെരഞ്ഞെടുക്കുന്നു.

# ഓഗസ്റ്റ്

## സ്വാതന്ത്ര്യദിനാഘോഷം

**സ്വാതന്ത്ര്യ ദിനത്തിൽ കുട്ടികൾക്ക് വിവിധ പരിപാടികൾ സംഘടിപ്പിക്കാം.**

## ഓണാഘോഷം

മലയാളികളുടെ ഉത്സവമായ ഓണം ചടുലവും വർണ്ണാഭവുമായി കൊണ്ടാടാം. അതിനായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

## ഇൻഡോർ ഗെയിംസ്

കുട്ടികളുടെ മാനസിക ശാരീരികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി PET പിരീയഡുകൾ ഉപയോഗപ്പെടുത്തി വിവിധ ഗെയിംസ് കായിക പരിശീലനങ്ങൾ എന്നിവ നൽകുക.

# സെപ്റ്റംബർ

## സ്കൂൾ കലാമേള

## വിജയസ്പർശം

മൂല്യനിർണയത്തിനും CPTA ക്കും ശേഷം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വിജയ സ്പർശം ആരംഭിക്കും

# ഒക്ടോബർ

## പ്രീ പ്രൈമറി കലാമേള

### കുഞ്ഞു മേളം

പ്രീ പ്രൈമറി കുട്ടികളുടെ കലാശേഷിയും സർഗ്ഗവിസ്മയങ്ങളും പ്രകടനപരതയും ഉണർത്തുന്ന കലാമേള നടത്താൻ തീരുമാനിച്ചു

### ഗാന്ധിജയന്തി

മഹാത്മാഗാന്ധിയുടെ ജന്മദിനത്തോടനുബന്ധിച്ച് ക്ലീൻ ഡേ (സേവനവാരം) നടത്താൻ തീരുമാനിച്ചു.

# നവംബർ

## കേരളപ്പിറവി

ഡിജിറ്റൽ മാഗസിൻ നിർമ്മിക്കാൻ
തീരുമാനിച്ചു

## കായികമേള

കുട്ടികളെ നാല് ഗ്രൂപ്പുകൾ ആക്കി തിരിച്ച് സ്കൂൾതല കായികമേള നടത്താൻ തീരുമാനിച്ചു. സബ്ജില്ലാ കായികമേളയ്ക്ക് ആവശ്യമായ പരിശീലനം നൽകാനും മികച്ച വിദ്യാർത്ഥികളെ തിരഞ്ഞെടുക്കാനും സഹായകമാണ്.

# ഡിസംബർ

**പഠനയാത്ര**

**ക്രിസ്തുമസ് ആഘോഷം**

**അറബിക് ഫെസ്റ്റ്**

# ജനുവരി

**സ്കൂൾ വാർഷികം**

# ഫെബ്രുവരി

## ഇംഗ്ലീഷ് ഫെസ്റ്റ്

# മാർച്ച്

## കോൺവെക്കേഷൻ സെറിമണി

## അക്ഷര പോരാട്ടം

**സ്കൂളിൻറെ തനത് പ്രവർത്തനമായ 'അക്ഷര പോരാട്ട'ത്തിന്റെ അവസാന ഘട്ടമായ 'കഥ കഥ നീണ്ടകഥ'എന്ന പ്രവർത്തനത്തിന്റെ ഭാഗമായി ഒരു മെഗാ മാഗസിൻ തയ്യാറാക്കുന്നു**

# ഉപസംഹാരം

ഓരോ കുട്ടിയുടെയും സമഗ്ര വികാസം എന്ന ലക്ഷ്യമാണ് എ.എം.എൽ.പി വള്ളുവങ്ങാട് സ്കൂളിലെ പഠന പഠനേതര പ്രവർത്തനങ്ങളുടെ ഇതിവൃത്തം. ദിനാചരണങ്ങളിലെ വൈവിധ്യമാർന്ന പരിപാടികൾ കൂടാതെ സ്കൂളിന്റെ തനത് പ്രവർത്തനമായി ഭാഷണത്തിനും ലേഖനത്തിനും ഊന്നൽ നൽകുന്നുണ്ട്. ശിശു കേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും പ്രവർത്തന ബന്ധിതവുമായ സമീപനത്തിൽ ഊന്നിക്കൊണ്ടുള്ള വിദ്യാഭ്യാസമാണ് കുട്ടികൾക്ക് വിഭാവനം ചെയ്യുന്നത്. പുസ്തകം എന്നത് പഠന സഹായിയായും പരിസരവും ജീവസുറ്റ പ്രവർത്തനങ്ങളും പഠനോപാധികളുമായാണ് കാണുന്നത്. കുട്ടികളെ അടുത്തറിയാനും പഠനാന്തരീക്ഷം മനസ്സിലാക്കാനും  നിശ്ചയിച്ചിട്ടുണ്ട്. 'അക്ഷര പോരാട്ടം' എന്ന തനത് പ്രവർത്തനത്തിലൂടെ അക്ഷരങ്ങളിലൂടെയും കലാസാഹിത്യ പ്രകടനങ്ങളിലൂടെയും ലഹരിക്കെതിരെ അണിനിരക്കുകയാണ് എ.എം. എൽ.പി.എസ് വള്ളുവങ്ങാട്. കുട്ടികളുടെ അമിതമായ മൊബൈൽ ഫോൺ ഉപയോഗത്തെയും മാനസിക വിഷമതകളെയും ഇല്ലായ്മ ചെയ്യുക എന്നതാണ് 'അക്ഷര പോരാട്ട'ത്തിന്റെ ലക്ഷ്യം.കുട്ടികൾക്ക് സമകാലികവും പാഠപുസ്തക ബന്ദിതവും മറ്റു വിശിഷ്ടദിനാചരണങ്ങൾ സംബന്ധിച്ചതുമായ ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കി കുട്ടികൾക്ക് വിതരണം ചെയ്യുന്നത് ഈ അധ്യയന വർഷത്തെ സവിശേഷമായ പ്രവർത്തനമാണ്. കുട്ടികളുടെ സർഗ്ഗശേഷിയും കലാപരവും കായികപരവുമായ കഴിവുകളും പരിപോഷിപ്പിക്കാൻ മുതൽക്കൂട്ടാവുന്ന പ്രവർത്തനങ്ങൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉൾക്കൊള്ളുന്നു. "നന്മയുള്ള നാടിന് വിദ്യയുള്ള കുട്ടികൾ "എന്ന ആപ്തവാക്യം അനുവർത്തിതമാവും വിധം ചിട്ടപ്പെടുത്തിയ 2025-26 അധ്യയനവർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.